(സി) നോർക്കയുടെ വിവിധ പദ്ധതികൾ പ്രകാരം മലപ്പുറം ജില്ലയിൽ ആനുകൂല്യം ലഭിച്ചവരുടെ എണ്ണം ചുവടെ ചേർക്കുന്നു :

പദ്ധതി	എണ്ണം
NDPREM	59
സാന്ത്വന	888
ചെയർമാൻ ഫണ്ട്	74
കാരുണ്യം	7
എൻ.ആർ.കെ.ഐ.ഡി കാർഡിലൂടെ ആനുകൂല്യം ലഭിച്ചവർ	8

സ്വകാര്യ ഏജൻസികൾ വഴിയുള്ള വിസ

81 (2714) ശ്രീ. പി. ശ്രീരാമകൃഷ്ണൻ :
ശ്രീ. കെ. സുരേഷ് കുറുപ്പ് :
ശ്രീ. കെ. വി. അബ്ദുൾ ഖാദർ :
ഡോ. കെ. ടി. ജലീൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്വകാര്യ ഏജൻസികൾ വഴിയുള്ള വിസയ്ക്ക് നിരോധനം ഏർപ്പെടുത്താൻ കേന്ദ്ര സർക്കാർ തീരുമാനിച്ചിട്ടുണ്ടോ ;

(ബി) ഈ തീരുമാനം വന്നതോടെ സ്വകാര്യ ഏജൻസികൾ വഴി വിസ ലഭിച്ച വരുടെ വിദേശയാത്ര മുടങ്ങിയതുമൂലം അവർ അനുഭവിക്കുന്ന ദുരിതങ്ങൾ ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ;

(സി) പുതിയ തീരുമാനങ്ങൾ പ്രകാരം വിദേശ രാജ്യങ്ങളിലേക്ക് ഇനിമുതലുള്ള റിക്രൂട്ട്മെന്റ് സംബന്ധിച്ച് വരുത്തിയിട്ടുള്ള പരിഷ്കാരങ്ങൾ എന്തൊക്കെയാണെന്ന് അറിയാമോ ?

ഉത്തരം

(എ) സ്വകാര്യ ഏജൻസികൾവഴി നഴ്സിംഗ് ജോലിക്കുള്ള വിസയ്ക്ക് മാത്രമാണ് കേന്ദ്ര സർക്കാർ നിരോധനം ഏർപ്പെടുത്താൻ തീരുമാനിച്ചിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഉണ്ട്.

(സി) ഇന്ത്യൻ നഴ്സുമാരുടെ റിക്രൂട്ട്മെന്റ് കേരള സർക്കാർ ഏജൻസികളായ നോർക്ക-റൂട്ട്സ്, ഒ.ഡി.ഇ.പി.സി.യേയും തമിഴ്നാട് സർക്കാരിന്റെ കീഴിലെ ഓവർസീസ് മാൻപവർ കോർപ്പറേഷൻ ലിമിറ്റഡ് എന്നിവവഴി മാത്രമായി പരിമിതപ്പെടുത്തി കേന്ദ്രഗവൺമെന്റ് ഉത്തരവിറക്കിയിട്ടുണ്ട്. ഇ.സി.ആർ. രാജ്യങ്ങളിലേക്ക് തൊഴിൽ തേടി പോകുന്ന ഇന്ത്യൻ നഴ്സുമാർക്ക് കേന്ദ്ര സർക്കാരിന്റെ പ്രൊട്ടക്ടർ ഓഫ് എമിഗ്രന്റ്സ് ഓഫീസിൽനിന്നും എമിഗ്രേഷൻ ക്ലിയറൻസും 31-5-2015 മുതൽ നിർബന്ധമാക്കിയിട്ടുണ്ട്. നിലവിൽ കേന്ദ്ര ഗവൺമെന്റിന്റെ ഓൺലൈൻ പോർട്ടലായ emigrate.gov.in-ൽ കൂടി ഓൺലൈനായിമാത്രമേ റിക്രൂട്ട്മെന്റ്/എമിഗ്രേഷൻ നടപടികൾ പൂർത്തീകരിക്കാൻ കഴിയുകയുള്ളൂ. ടി സർക്കാർ ഏജൻസികൾ നഴ്സുമാരിൽനിന്നും റിക്രൂട്ട്മെന്റ് ചെലവുകൾക്കായി യാതൊരു തുകയും വാങ്ങരുതെന്നും ആയത് വിദേശത്തുള്ള ഉദ്യോഗദാതാവിൽനിന്നും പരസ്പര ധാരണയിലെ വ്യവസ്ഥകൾ പ്രകാരം ഈടാക്കേണ്ടതാണെന്നും കേന്ദ്ര സർക്കാർ നിഷ്കർഷിച്ചിട്ടുണ്ട്.

നഴ്സിംഗ് റിക്രൂട്ട്മെന്റിലെ ചൂഷണങ്ങൾ

82 (2715) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്വകാര്യ ഏജൻസികൾവഴിയുള്ള നഴ്സിംഗ് റിക്രൂട്ട്മെന്റിലെ ചൂഷണങ്ങൾ തടയുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ;

(ബി) വിദേശ രാജ്യങ്ങളിലേക്കുള്ള നഴ്സിംഗ് റിക്രൂട്ട്മെന്റിന് സംസ്ഥാനത്ത് ഏതെല്ലാം സർക്കാർ ഏജൻസികളെ ചുമതലപ്പെടുത്തിയിട്ടുണ്ട് ;

(സി) പ്രസ്തുത ഏജൻസികൾ റിക്രൂട്ട്മെന്റ് നടത്തുന്ന എല്ലാ വിദേശ രാജ്യങ്ങളുമായുള്ള നടപടിക്രമങ്ങൾ ഇനിയും പൂർത്തീകരിക്കാത്തത് ഈ തൊഴിൽമേഖലയെ ബാധിക്കുന്നുണ്ടെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ആയതിന് അടിയന്തര പരിഹാരം കണ്ടെത്തുമോ ;

(ഡി) എമിഗ്രേഷൻ ക്ലിയറൻസ് റിക്വയേർഡ് നിയന്ത്രണം തുടരാൻ കേന്ദ്ര സർക്കാർ തീരുമാനിച്ചതുമൂലം പ്രതിസന്ധിയിലായ മലയാളി നഴ്സുമാരെ സഹായിക്കുന്നതിന് എന്തെല്ലാം സംവിധാനങ്ങൾ ഒരുക്കിയിട്ടുണ്ട് ; വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly